# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 502

09.02.2016 ൽ മറുപടിയ്ക്ക്

## സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത 10, പ്ലസ് 2, പ്ലസ് 3 ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതു മൂലം വിദൂരവിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി, പ്ലസ് 2 പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥനക്കയറ്റം ലഭിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) മൂന്ന് വർഷം ബിരുദപഠനം നടത്തി വിദൂര വിദ്യാഭ്യാസം വഴി അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് അംഗീകൃത ബിരുദം എടുത്ത നിലവിലുള്ള സഹകരണ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രീഡിഗ്രി, പ്ലസ് 2 കൂടി വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) 1969 ലെ കേരള സഹകരണ സംഘം നിയമം/ ചട്ടങ്ങൾ എന്നിവ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സമർപ്പിക്കുന്ന മുറയ്ക്ക് ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ